(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പർച്ചേസ് നടപടികൾ വൈകുന്നത് കാരണം ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ആയത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച അടിയന്തിര നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കിവരുന്നു.

(ബി)&(സി) 2003-04-ലെ പർച്ചേസ് നടപടികൾ തുടങ്ങുന്നതിന് മുമ്പ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി മറ്റുള്ള സംസ്ഥാനങ്ങളിലെ നിലവിലുള്ള പർച്ചേസ് സംവിധാനത്തെ കുറിച്ച് പഠനം നടത്തി പുതുതായി കമ്പനികളെകൂടി ഉൾപ്പെടുത്തി പർച്ചേസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതുമൂലമുണ്ടായ കാലതാമസംമൂലം ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുവാനായി 2002-03-ലെ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ നിന്നും വേണ്ടത്ര മരുന്നുകൾ വിതരണം ചെയ്യുവാൻ കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. കമ്പനികൾ മരുന്നു വിതരണം ആരംഭിച്ചുകഴിഞ്ഞു. ഇതോടെ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കപ്പെടുന്നതാണ്.

ഡോക്ടർമാരുടെയും നഴ്സുമാരുടെയും വിദേശ സേവനം

131 (1600) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡോക്ടർ, നഴ്സ് തുടങ്ങിയവരിൽ വിദേശത്ത് ജോലി തേടിപ്പോയവർ എത്രയാണെന്ന് കഴിഞ്ഞ 10 വർഷത്തെ കണക്ക് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇവരിൽ എത്ര പേർ സ്വദേശത്ത് മടങ്ങിവന്നിട്ടുണ്ട് ;

(സി) എത്ര പേർ സ്ഥിരമായി വിദേശത്ത് ജോലി ചെയ്യുന്നുണ്ട് ;

(ഡി) സ്ഥിരമായി ജോലി സമ്പാദിച്ചതിനെത്തുടർന്ന് ഇവിടെ ജോലിക്ക് ഹാജരാകാത്ത എത്ര പേരെ കഴിഞ്ഞ പത്ത് വർഷത്തിനകം പിരിച്ചുവിട്ടിട്ടുണ്ട്, വിശദവിവരം നൽകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡ്സ് രോഗികളുടെ പുനരധിവാസം

132 (1601) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പ് നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത് ;

(സി) രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് പ്രസ്തുത ഫണ്ട് ചെലവഴിക്കുവാൻ അനുമതി ഉണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇതിനകം എത്രപേർക്ക് എയ്ഡ്സ് രോഗം സ്ഥിരീകരിച്ചിട്ടുണ്ട് ; ഇപ്രകാരം രോഗബാധയേറ്റു മരണമടഞ്ഞവരുടെ എണ്ണമെത്ര ;

(ഇ) രോഗബാധയേറ്റെന്ന് സ്ഥിരീകരിച്ചവരെ എല്ലാ സംരക്ഷണവും നൽകി കിടത്തി ചികിത്സിക്കുവാൻ വേണ്ട സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 41 കോടി 65 ലക്ഷം രൂപ.

(ബി) എയ്ഡ്സ് രോഗ നിയന്ത്രണത്തിനും, ബോധവൽക്കരണത്തിനും കേരളത്തിലെ സർക്കാർ ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിനും ആവർത്തന ചെലവിനും വേണ്ടിയാണ് ഈ തുകയുടെ സിംഹഭാഗവും ചെലവഴിക്കുന്നത്. സംസ്ഥാന മെഡിക്കൽ കോളേജുകളിലെയും ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലെ ആശുപത്രികളിലുള്ള എസ്.ടി.ഡി. ക്ലിനിക്കുകളിൽ മരുന്നും മറ്റുപകരണങ്ങളും ലഭ്യമാക്കുന്നതിനും വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനും അത്യാസന്ന നിലയിൽ കഴിയുന്ന എയ്ഡ്സ് രോഗികളുടെ പരിചരണത്തിനായി നടത്തുന്ന കെയർ സെന്ററിന്റെ പ്രവർത്തനത്തിനും ഈ തുക ചെലവഴിക്കുന്നുണ്ട്.

(സി) ഇല്ല. എച്ച്ഐവി. അണുബാധയുള്ളവർ അണുബാധയുണ്ടായതിനു ശേഷം പത്തു വർഷത്തോളം ആരോഗ്യമുള്ളവരായി കഴിയുന്നതുകൊണ്ടും അവർക്ക് മറ്റെല്ലാവരെയുംപോലെ എല്ലാവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ സാധിക്കുമെന്നതുകൊണ്ടും പുനരധിവാസത്തിന് ഫണ്ട് ആവശ്യമില്ല. മാത്രമല്ല എയ്ഡ്സ് ബാധിതരെയും കുടുംബാംഗങ്ങളെയും ഒറ്റപ്പെടുത്തരുത് എന്നത് ബോധവൽക്കരണത്തിന്റെ ഒരു പ്രധാന ഭാഗവുമാണ്. എന്നാൽ എയ്ഡ്സ് ബാധിച്ച് മരണമടഞ്ഞ മാതാപിതാക്കളുടെ അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി ഈ ഫണ്ട് ഉപയോഗിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 1219 പേർക്ക് എയ്ഡ്സ് രോഗം സ്ഥിരീകരിക്കുകയും 411 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഇ) രോഗലക്ഷണമുള്ളവരെ എല്ലാ പ്രധാന ആശുപത്രികളിലും കിടത്തി ചികിത്സിക്കുന്നുണ്ട്. ഇതിനുവേണ്ടി ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡ്സ് രോഗികൾക്ക് ഉണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്ക് വേണ്ട മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ശയ്യാംവലംബികളായ എയ്ഡ്സ് രോഗികളുടെ പരിചരണത്തിനായി തൃശൂരിൽ ഒരു കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly